## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4578** **26.10.2016-ൽ മറുപടിയ്ക്ക്**

**മീനാക്ഷിപുരത്തെ വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണം**

**ചോദ്യം**
**ശ്രീ.കെ. കൃഷ്ണൻകുട്ടി**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിൽ പെരുമാട്ടി പഞ്ചായത്തിൽ മീനാക്ഷിപുരത്ത് പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ടോ; | എ) | പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി 7,32,00,000/- രൂപ (ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ നിർമ്മാണത്തിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. |
| ബി) | ഇതിന്റെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് എന്തെങ്കിലും കാരണങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | ബി) | ഉണ്ട്. ടി ഹോസ്റ്റൽ നിരമ്മാണത്തിനായി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനുമായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി റവന്യൂ വകുപ്പിൽ നിന്ന് 20 സെന്റ് സ്ഥലം ലഭ്യമാകാത്തതും പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റാത്തതുമാണ് ടി നിർമ്മാണ പ്രവൃത്തികളുടെ കാലതാമസത്തിന് കാരണം. ടി |

| | | | |
|---|---|---|---|
| | | | കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള സ്ഥലം റവന്യൂ വകുപ്പ്, പെരുമാട്ടി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ഉടമസ്ഥതയിലുള്ളതാണ്. സ്ഥലം കൈമാറുന്നതിലേയ്ക്കായി ടി ഓഫീസുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടക്കുന്ന സ്ഥലത്ത് മരങ്ങൾ ഉള്ളതിനാൽ അത് മുറിച്ചു മാറ്റുന്നതിന് പാലക്കാട് ജില്ലാ കളക്ടർ പെർമിസീവ് സാങ്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ